**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 399

27.6.2013 ൽ
മറുപടിയ്ക്ക്

## സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സംഭരണ-വിതരണ സംവിധാനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.കെ. ബാലൻ :<br>ശ്രീ. എളമരം കരീം :<br>പ്രൊഫ. സി. രവീന്ദ്രനാഥ് :<br>ശ്രീ. എസ്. ശർമ്മ : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സംഭരണ - വിതരണ സംവിധാനം വിപുലപ്പെടുത്താനുള്ള ലക്ഷ്യവും ഇതിനായുള്ള പദ്ധതിയിലെ വകയിരുത്തലുകളും സംബന്ധിച്ച് വിശദമാക്കാമോ ; | എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സംഭരണ സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ജില്ല, താലൂക്ക് ആസ്ഥാനങ്ങളിൽ സംഭരണശാലകൾ നിർമ്മിക്കുന്നതിനായി ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് KITCO-യെ ചുമതലപ്പെടുത്തുകയും റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതു പ്രകാരം കോർപ്പറേഷന്റെ തനത് സ്ഥലങ്ങളായ തിരുവല്ല, കൊല്ലം എന്നിവിടങ്ങളിൽ ഗോഡൗൺ/ കോംപ്ലക്സുകൾ പണിയാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്നും നബാഡ് പോലുള്ള കേന്ദ്ര ഏജൻസികളുടെ സഹായത്തോടു കൂടിയും, RIDF Scheme പ്രകാരവും സംഭരണശാലകൾ നിർമ്മിക്കാനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇത് സംബന്ധിച്ച് 2013-14 ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. |
| ബി) സിവിൽ സപ്ലൈസ് കോർപ്പറേഷന് എത്ര സംഭരണശാലകളാണ് ഉള്ളത് ; ഇവയുടെ എണ്ണം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി കേന്ദ്ര ഏജൻസികളിൽ നിന്ന് സഹായം ലഭിക്കാൻ സാധ്യതയുണ്ടോ ; | ബി) സിവിൽ സപ്ലൈസ് കോർപ്പറേഷന് സ്വന്തമായി 10 സംഭരണശാലകൾ ഉണ്ട്. ഇവയുടെ എണ്ണം വർദ്ധിപ്പിക്കാൻ ഉദ്ദേശമുണ്ട്. കൊല്ലം, തിരുവല്ല എന്നിവിടങ്ങളിൽ കോർപ്പറേഷന് സ്വന്തമായി സംഭരണശാലകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. പ്രസ്തുത പദ്ധതിക്കായി കേന്ദ്ര ഏജൻസികളുടെ സഹായം ലഭ്യമാക്കുന്നതിനായി ശ്രമിക്കുന്നുണ്ട്. |
| സി) പുതിയ സംഭരണശാലാ നിർമ്മാണത്തിന് സ്വകാര്യ കമ്പനികളെയോ, ഏജൻസികളെയോ പങ്കെടുപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;വിശദമാക്കാമോ? | സി) ഇല്ല. പുതിയ സംഭരണശാലകൾ നിർമ്മിക്കുന്നതിന് സപ്ലൈകോയുടെ തനത് ഫണ്ടും നബാഡ് തുടങ്ങിയ കേന്ദ്ര ഏജൻസികളുടെയും, RIDF Scheme പ്രകാരമുള്ള ധനസഹായമാണ് പ്രതീക്ഷിക്കുന്നത്. |

Beenau

സെക്ഷൻ ഓഫീസർ